# St. PHILOMINA'S GHS

## ARPOOKARA

## ശലഭങ്ങൾ

## ചിറകുണർത്തുമ്പോൾ...



വിജ്ഞാനത്തിന്റെ അരണികടഞ്ഞ് വിദ്യയുടെ വിളക്ക് തെളിക്കുന്ന പുണ്യ കർമ്മമാണ് വിദ്യാഭ്യാസം. ആധുനിക കാലത്ത് നൂതന സാങ്കേതിക വിദ്യയുടെ മറവിൽ നിരവധിയായ വിദ്യാഭ്യാസ രീതികൾ ഇന്ന് പരീക്ഷിക്കപ്പെട്ട് വരുന്നു. തലമുറയുടെ വിജ്ഞാന വിസ്ഫോടനത്തിന് ആക്കം കൂട്ടുന്ന തരത്തിലുള്ള വിവിധ ക്ലബുകൾ സ്കൂൾ തലത്തിൽ നടത്തപ്പെടുന്നു. അതിൽ ശ്രദ്ധേയമായ കൈയ്യൊപ്പുപതിപ്പിച്ച ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങളുടെ ഡിജിറ്റൽ മാഗസീൻ എന്ന ഈ വലിയ സംരഭത്തിന് തുടക്കം കുറിക്കുകയും ഇതിന്റെ  പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ് മാസ്റ്റേഴ്സിനും ലിറ്റിൽ കൈറ്റ്സ് ക്ലബിലെ എല്ലാ അംഗങ്ങൾക്കും ഭാവുകങ്ങൾ നേരുന്നു. ....

ശ്രീമതി ലില്ലി പോൾ

ഹെഡ്മിസ്ട്രസ്സ്

സെന്റ് ഫിലോമിനാസ് ജി എച്ച് എസ് ആർപ്പൂക്കര

എഎച്ച്



# ലിറ്റിൽ കൈറ്റ്സ്

കേരള സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിൽ ഐ സി ടി വിദ്യാഭ്യാസം പിന്തുണക്കാൻ വികസിപ്പിച്ചെടുത്ത പദ്ധതിയാണ് കൈറ്റ്സ് .അറിവ് മറ്റൊരാളിൽ നിന്ന് പകർന്നുകിട്ടുക എന്നതിലുമപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കുന്നതൊന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസ രംഗത്തെ മാറ്റിമറിച്ചിരിക്കുന്നു. ഈ പ്രക്രിയയിൽ വിവരവിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും വലിയ പങ്കാണുള്ളത് .കേരളത്തിലെ പുതിയ തലമുറയിൽ വലിയൊരു വിഭാഗം വിവരവിനിമയ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നവരാണെങ്കിലും ഈ രംഗത്ത് താത്പര്യം അഭിരുചിയും ഉള്ളവരെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനും ഇതിനോടുള്ള സമീപനം ഗുണപരമായി പ്രയോജനപ്പെടുത്താൻ വേണ്ടിയും വാദ്യാലയങ്ങളിൽ നടപ്പിലാക്കിയ കുട്ടികളുടെ ഐ ടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ് .ഓരോ കുട്ടിക്കും തനിക്കു യോജിച്ച മേഖലയിൽ ആഭിമുഖ്യം ജനിപ്പിക്കുന്നതിനായി വിവിധ മേഖലകളിൽ പരിശീലനം ആ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതിയിൽ അംഗങ്ങളായ വിദ്യാർത്ഥികൾക്ക് പരിശീലന കാലയളവിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും കൂടുതൽ സാങ്കേതിക തലം മനസ്സിലാക്കുന്നതിനും സാധിക്കുന്നു.

MY SCHOOL



Stars are many
But moon is one
Germs are many
But kohinoor is one
Friends are many
But best friend one
Rays are many
But sun is one
Countries arw many
But Inda is one

Josna maria joby

# തിരുവോണം

ഓണനാളുകൾ വന്നല്ലോ
സന്തോഷത്തിനു നിറമേകാൻ
ഓണത്തപ്പൻ വന്നല്ലോ
കുംഭനിറയെ ചോറുണ്ണാൻ

അത്തപൂക്കളമുണ്ടാക്കാൻ
കുട്ടികൾ വന്നു വരിവരിയായി
പൂമ്പാറ്റകളും തുമ്പികളും
കൂട്ടുണ്ടല്ലോ അതിനായി

തിരുവോണ നാളുകൾ വന്നല്ലോ
നല്ലൊരു നാളുകൾ തന്നല്ലോ
ആഘോഷത്തിൻ നിറമേകാൻ
ആഹ്ലാദത്തിന് ചിരിതൂകാൻ



# കാട്ടിലെ മന്ത്രി ഇനി ആരാകും ?

കാട്ടിലെ മന്ത്രി സിംഹമായിരുന്നു .സിംഹത്തിനു പ്രായമായതിനാൽ\ കാര്യങ്ങളൊന്നും ചെയ്യാൻ പറ്റാതകൊണ്ട് അരെ ആകണമെന്ന ആലോചനയിലായിരുന്നു സിംഹം . അങ്ങനെ  ഒരു കോടാലി കാടിന്റെ ഒരു സ്ഥലത്തു പള്ളക്കട്ടിൽ   സിംഹം ഒളിച്ചിരുന്നു .കുറച്ചു സമയം കഴിഞ്ഞപ്പോൾ ഒരു കുരങ്ങൻ വന്നു കുരങ്ങൻ കോടാലി എടുത്തു നോക്കി  ങേ ഇത് എന്ത് സാധനം അങ്ങനെ കോടാലി കുരങ്ങൻ മുകളിലേക്ക് എറിഞ്ഞു കോടാലി താഴെ വീണപ്പോൾ കുരങ്ങന്റെ വാൾ മുറിഞ്ഞു പോയി .പെട്ടെന്ന് കുരങ്ങൻ ജീവനും കൊണ്ടോടി .കുറച്ചു സമയം കഴിഞ്ഞു ഒരു കുറുക്കൻ വന്നു ഹേ ഇത് കോടാലി അല്ലെ മനുഷ്യർ ഇതുകൊണ്ട് വിറക് മുറിക്കും എന്നാൽ ഞാൻ ഇതുകൊണ്ട് അവരുടെ കൃഷികൾ നശിപ്പിക്കും ഇത് കേട്ട സിംഹം ചാടി വീണ കുറുക്കനെ ഓടിച്ചു വിട്ടു കുറച്ചു കഴിഞ്ഞു പോത്ത് വന്നു .ഇത് കോടാലിയല്ലേ ഇത് കൊണ്ട് ഞാൻ കാട്ടിലെ മൃഗങ്ങൾക്കു തടസ്സമായി നിൽക്കുന്ന മരച്ചില്ലകൾ മുറിക്കും .ഇതുകേട്ട സിംഹം..സന്തോഷത്തോടെ വന്നു പോത്തി മന്ത്രി ആക്കി .



## പൂവിന്റെ മോഹം

വിടരുന്ന പൂവിന്റെ കവിളിൽ തലോടി
സ്നേഹം കൊടുക്കാനെനിക്ക് മോഹം
അതിനായ് അതിനോട് വാക്കുകൾ
മിണ്ടിത്തുടങ്ങാനും
കൂടെ കളിക്കാനുമെനിക്കു മോഹം
എനിക്കെന്റെ പൂവിനെ തോഴിയാക്കീടണം
ഞാൻ കണ്ട സ്വപ്നം നിറവേറ്റണം
വിടരുന്ന പൂവിനും ജീവനുണ്ട്
പൂവിന്റെ ഉള്ളിലും മോഹമുണ്ട് .
അവൾക്കാനും സ്വപ്നത്തിൽ ഞാനുമുണ്ട്
അവളെന്റെ തോഴിയായ് കൂടെയുണ്ട് .

നിവേദ വി നായർ 6A



# നമ്മുടെ ജീവന്റെ തുടിപ്പ്



നമ്മുടെ ജീവിതത്തിൽ ഏറ്റവും പ്രധാനമായി വേണ്ട ഘടകമാണ് ജലം .നമ്മുടെ ദൈനംദിന ജീവിതത്തിൽ വിലയേറിയ സമ്പത്താണ് ജലം .നമ്മുടെ സമൂഹത്തിൽ ഇന്ന് ജലം ഏറെ പാഴാക്കുകയാണ് .ജലം അമൂല്യമാണ് .നമ്മുടെ നാട്ടിൽ തോടുകളിലും പുഴകളിലും നിറയെ വെള്ളം ഉണ്ടെങ്കിലും അവ മലിനമാണ് .നമ്മുടെ ആരോഗ്യ ജീവിതത്തെ അത് ബാധിക്കുന്നു .നമ്മുടെ രക്തത്തുള്ളികൾ പോലെ പ്രാധാന്യമുള്ളതാണ് ജലം .ജലമില്ലാതെ നമ്മുക്ക് ജീവിക്കാൻ കഴിയുകയില്ല .ജല സ്രോതസ്സുകളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ മാര്ച്ച് 22 ന നാം ജലദിനമായി ആചരിക്കുന്നു നമ്മുടെ ജലസ്രോതസ്സുകളെ സംരക്ഷിച്ച നമ്മുടെ വരും തലമുറയെയും നമ്മുടെ പ്രകൃതിയെയും സംരക്ഷിച്ച കൊള്ളാമെന്ന പ്രതിജ്ഞ എടുക്കാം MITHUNA V MANOJ XC





# അഭംഗുരഉന്മാദം

കറുത്തിരുണ്ട് മൂടിപെയ്യാൻ
വിതുമ്പി നിന്ന വാനിൽനിന്നും
പൊടിയുന്ന നീർത്തുള്ളികൾ
ചിലങ്ക കെട്ടിയാടുന്നതു പോൽ
ചിന്നി ചിതറി പെയ്യുന്ന മഴ
അതൊഴുകി ഓടിൻ വരമ്പിലൂടെ
ഒരു നൃത്തകിയായി ആടി തിമിർത്തു
ഇളംകാറ്റ് ഇലകളെ തഴുകി
തളരവേ തുള്ളികൾ അവയിലൂടോ
ഴുകി യിറങ്ങി ആദ്യമൊന്നു ചാറ്റി
പിന്നെയതിൽ ശക്തി ഒന്നുകൂടി
മഴതോരാൻ തുടങ്ങുന്നു .
പുതുമണമുയരുന്നു വാനിൽ
എത്രയേറേ ഭംഗിയാർന്നതാണീ ലോകം

sameera sunil 9B



## രക്തദാനം

## മഹാദാനം ....




ജൂൺ 14,നാം ലോക രക്തദാന ദിനമായി ആചരിക്കുന്നു .നാം രക്തം ദാനം ചെയ്യുന്നതിനെ പ്രോൽത്സാഹിപ്പിക്കാനും നമ്മുടെ രക്തം കൊണ്ട് ഒരു ജീവൻ രക്ഷിക്കുവാനും സാധിക്കും. നമുക്കുണ്ടാകുന്ന ചെറിയ വേദനയിലൂടെ മറ്റുള്ളവർക്കുണ്ടാകുന്ന  വലിയ സന്തോഷത്തിലേക്ക് അവരെ എത്തിക്കാൻ സാധിക്കും അതുകൊണ്ടാണ് രക്തദാനം മഹാദാനം എന്ന് മഹാന്മാർ പറയുന്നത് .നമ്മുടെ ഒരു തുള്ളി രക്തത്തിലൂടെ ഒരു ജീവിതം രെക്ഷപെടുമെങ്കിൽ അതിനേക്കാൾ വലിയ നന്മ ഇല്ല ""




ആർച്ച അ ഭിലാഷ്   X C

വായിച്ചാൽ വളരും വായിച്ചില്ലെങ്കിൽ വളയും
എന്ന കുഞ്ഞുണ്ണിമാഷിന്റെ വരികൾ നാം എപ്പോഴും ഓർക്കണം .



ഇതുപോലെ ഒരുപാട് പ്രശസ്തരായ കഥാകൃത്തുക്കളിലൊരാളായിരുന്നു ഷൈന .ഷൈനയുടെ കഥകളിൽ കുട്ടികൾക്കും മുതിർന്നവർക്കും വായിക്കാവുന്ന ഒരു കഥയാണ് ജിഗ്സോ മിച്ചുവെന്നും മിന്നുവെന്നും പേരായ രണ്ടു സഹോദരങ്ങൾ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട ജിഗ്സോയെന്ന കുട്ടിയെ വീണ്ടെടുത്ത കഥയാണിത് .പട്ടണത്തിൽ നിന്നും ഗ്രാമത്തിലേക്ക് അവധിക്കുവാന്ന് കുട്ടികളാണവർ ഈ യാത്രക്കിടയിൽ മിന്നു അത്ഭുതമരുന്നും അത്ഭുതലോകവും കണ്ടെത്തുന്നു .കിടപ്പിലായ അമ്മൂമ്മയെ ചക്രകസേരയിലിരുത്തി പുറംലോകത്തേക്കു കൊണ്ടുവരുന്നു .ഈ കുട്ടികൾ മുതിർന്നവർക്ക് കണ്ടെത്താനാകാത്ത പലതും കണ്ടെത്താനാകും എന്ന് വെളിപ്പെടുത്തുന്നു .മുതിർന്നവരും കുട്ടികളും സസ്യങ്ങളും ജന്തുക്കളും കഥാപാത്രമായി വരുന്ന ഈ നോവൽ മുതിർന്നവർക്കും കുട്ടികൾക്കും ഒരുപോലെ ഹൃദ്യമാണ് .വായന നിറഞ്ഞ സമ്പത്താണ് അതിനെ വലിച്ചെറിയരുത് .ഈ കഥാഭാഗത്തു ബുദ്ധിയില്ലാത്ത ജിഗ്സോ വളരെ വേഗം വായനയുടെ മൂല്യം മനസ്സിലാക്കി അവൻ വായന വളർത്തിയെടുത്തു .ഇതിനു സഹായിച്ചത് രണ്ടിലും അഞ്ചിലും പഠിക്കുന്ന സഹോദരങ്ങളായ കുരുന്നുകളാണ് .വായനയുടെ മാഹാത്മ്യം ഈ കഥയിൽ വ്യക്തമായി പരാമർശിക്കുന്നു .

# സൗഹൃദം



സൗഹൃദ ചെപ്പ് തുറക്കുമ്പോൾ
നീയെനിക്കു സമ്മാനിച്ച
ചെമ്പനിനീർ പൂവിന് ഗന്ധമെന്ന
സ്നേഹാർദ്ദ്രമായി തഴുകുന്നു .
നശ്വരമാമീ മലരുണങ്ങാം
പൂ മണവും മാറാം
നിമിഷങ്ങളിൽ ഇതൾ കൊഴിയുന്ന ജീവിതത്തിൽ
പവിത്രമാം ഹൃദയ ബന്ധത്താൽ
നമ്മളിൽ തളിർത്ത വസന്തരാമത്തിൽ
വാസന പൂക്കൾ നശ്വരമാണെന്നറിയുക

ഡിൻസി മാത്യു XC






മാനത്തുന്നൊരു മഴവന്നു

മഴ മഴ മഴ മഴ മഴ വന്നു .

മലയുടെ മുകളിൽ തങ്ങാതെ

മാളിക മുകളിൽ താങ്ങാതെ

മഴ മഴ മഴ മഴ മഴ വന്നു .

മിഴികൾക്കുൽത്സവമായി വന്നു

മലയുടെ മുകളിൽ തങ്ങാതെ

മാളികമുകളിൽ താങ്ങാതെ

മാനത്തുന്നൊരു മഴവന്നു

മഴ മഴ മഴ മഴ മഴ വന്നു .



ശിവാനി

8C

# എന്റെ വിദ്യാലയം

ആദ്യമായി ഞാൻ നിന്റെ മുറ്റത്തെത്തി
എൻ പ്രിയ വിദ്യാലയമേ
അക്ഷരമുറ്റത്തു അന്തിച്ചുനിന്നു
ഞാൻ
എങ്ങോട്ടുപോകണമെമെന്നറിയാതെ
നിർമ്മലമായ ,സ്നേഹം നിറഞ്ഞ
അറിവിന് ലോകത്തേക്ക് കൈപിടിച്ച് നടത്തുവാൻ
എൻ  ഗുരുനാഥർ
 അമ്മയാം ആദ്യ ഗുരുനാഥ നൽകിയ
അമൃതകും അക്ഷര ജ്വാല
അണയാതെയെന്നിൽ
ആളി പടർപ്പിച്ച അറിവിന്റെ കേധാരമെൻ വിദ്യാലയം .
അറിവാകും ആ മരത്തണൽ ചൂടി നിൽക്കുകിൽ
അകതാരിൽ കുളിർ മഴയെകിയെൻ
അകമേ വെളിച്ചം ചൊരിഞ്ഞിട്ടും
അറിവിന് സ്വരണമമെൻ വിദ്യാലയം ...



SREENIKITHA

XC


Thank You !